1. എക്സിക്യൂട്ടീവ് ഡയറക്ടർ -1

2. ജില്ലാ കോ-ഓർഡിനേറ്റർ-1

1. സർക്കാർ സർവ്വീസിൽനിന്നും അഡീഷണൽ സെക്രട്ടറിയായി വിരമിച്ച എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കെ.എസ്.ആർ.പാർട്ട് III റൂൾ 100 പ്രകാരം വിരമിച്ച സമയത്തെ ശമ്പളത്തിൽ നിന്നും, ബേസിക് പെൻഷൻ കിഴിച്ചുള്ള തുകയാണ് ശമ്പളമായി നൽകുന്നത്.

2. ജില്ലാ കോ-ഓർഡിനേറ്റർക്ക് 10,000 രൂപ നിരക്കിൽ വേതനം നൽകുന്നു.

(ഡി) നാല് പേരെ നിയമിച്ചിട്ടുണ്ട്. ഇതിൽ മൂന്ന് പേർ സാമൂഹ്യക്ഷേമ വകുപ്പിൽനിന്നും, ഒരു ഉദ്യോഗസ്ഥയെ മത്സ്യഫെഡിൽ നിന്നുമാണ് ഡെപ്യൂട്ടേഷനിൽ ഇവിടെ നിയമിച്ചിട്ടുള്ളത്. ഓരോ വർഷത്തേയ്ക്കാണ് നിയമിച്ചിട്ടുള്ളത്. പ്രതിമാസം 17,500 രൂപ ശമ്പളത്തിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ ഒരു സ്റ്റേറ്റ് പ്രോഗ്രാം കോ-ഓർഡിനേറ്ററെയും നിയമിച്ചിട്ടുണ്ട്. ഒരു വർഷത്തേയ്ക്കാണ് നിയമനം.

(ഇ) കേരള സാമൂഹ്യ സുരക്ഷാ മിഷൻ നേരിട്ട് അപേക്ഷ ക്ഷണിച്ച് ധനസഹായം നൽകുന്നില്ല. എന്നാൽ സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലായി ഇതിനകം ചെലവഴിച്ച തുകയുടെ വിശദവിവരം താഴെ ചേർക്കുന്നു.

I പദ്ധതി	II ഗുണഭോക്താക്കളുടെ എണ്ണം	III ചെലവഴിച്ച തുക (രൂപയിൽ)
1. കാൻസർ സുരക്ഷാ പദ്ധതി	1237	3,80,13,863
2. താലോലം	428	30,19,049
3. ആശ്വാസ കിരണം	195	3,08,813
4. സ്നേഹ സ്പർശം	170	4,05,000

സാമൂഹ്യക്ഷേമ ബോർഡ്

80 (4960) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് ഏതു വർഷമാണ് രൂപീകരിച്ചത് ;

(ബി) ഈ ബോർഡിന്റെ ഭരണ ചെലവുകൾ വഹിക്കുന്നതാരാണ് ;

(സി) ഈ ബോർഡിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ഏതു ചട്ടങ്ങൾ പ്രകാരമാണ് നിജപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ബോർഡിൽ നിലവിൽ എത്ര തസ്തികകളിലായി എത്ര ജീവനക്കാർ ഉണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1954-ൽ

(ബി) കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡും സംസ്ഥാന സർക്കാരും തുല്യമായി (50:50) വഹിക്കുന്നു.

(സി) കേരള സർവ്വീസ് റൂൾസ് പ്രകാരം നിജപ്പെടുത്തിയിരിക്കുന്നു.

(ഡി) തസ്തികകളുടേയും ജീവനക്കാരുടേയും വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതികൾ

81 (4961) ശ്രീ. ജോർജ് മേഴ്സിയർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന പെൻഷൻ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ ;

(ബി) ഇതിൽ ഓരോ പെൻഷന്റെയും ആകെ ഗുണഭോക്താക്കൾ എത്ര വീതമെന്നും ഓരോ പെൻഷന്റെയും പ്രതിമാസ തുക എത്ര വീതമെന്നും അറിയിക്കുമോ ;

(സി) ഓരോ പെൻഷനും നൽകുന്ന പ്രതിമാസ തുകയിൽ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്ര വീതമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) വികലാംഗ പെൻഷൻ അഗതി (വിധവ) പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, മറ്റു സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകളിൽ ഉൾപ്പെടാത്ത 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയാണ് സാമൂഹ്യക്ഷേമ വകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്ന പെൻഷൻ പദ്ധതികൾ

(ബി)

	ക്ഷേമ പദ്ധതിയുടെ പേര്	ഗുണഭോക്താക്കളുടെ എണ്ണം	പ്രതിമാസ വിഹിതം
1.	വികലാംഗ പെൻഷൻ	207954	300
2.	അഗതി (വിധവ) പെൻഷൻ	484829	300

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly